**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 327** | **03-03-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രോഗികൾക്ക് തൊണ്ണൂറ് ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കിയിരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. 73 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രി, കോന്നി മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ചുകഴിഞ്ഞു. മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br>തിരൂരങ്ങാടി താലൂക്കാശുപത്രി, തൊടുപുഴ ജില്ലാ ആശുപത്രി, പുലയനാർക്കോട്ട ടിബി സെൻറർ, ആലുവ ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. താലൂക്കാശുപത്രി തലം മുതൽ എല്ലാ ആശുപത്രികളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത ഫാർമസികളുടെ പ്രവർത്തനം ലാഭകരമല്ലാതായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത ഫർമസികളുടെ പ്രവർത്തനം നഷ്ടത്തിലല്ല.<br>മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശി, 45 ദിവസത്തെ വായ്പാ കാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവലംബിച്ചിരിക്കുന്നത്. വളരെ കുറഞ്ഞ മാർജിൻ നിശ്ചയിച്ചാണ് വില്പന വില തീരുമാനിക്കപ്പെടുന്നത്. വിവിധ കാരുണ്യ ഫാർമസികളിൽ നിന്നുമുള്ള വിറ്റ് വരവ് വിനിയോഗിച്ചാണ് മരുന്ന് കമ്പനികൾക്കുള്ള പണം നല്കുന്നത്. ഈ ക്രയവിക്രയങ്ങളിലെ ലാഭത്തിൽ നിന്നും തന്നെയാണ് ഫാർമസികളുടെയും കാരുണ്യ മെഡിസിൻ ഡിപ്പോകളുടെയും വലുതും ചെറുതുമായ |

| | | | |
|---|---|---|---|
| | | | എല്ലാ തരത്തിലുമുള്ള പ്രവർത്തന ചെലവുകൾ ആയ ജീവനക്കാർക്കുള്ള ശമ്പളം, വൈദ്യുതി/ ജനറേറ്റർ/ ഫോൺ ചെലവുകൾ, സ്ഥാപനത്തിന്റെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ, മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്കുള്ള പണം കണ്ടെത്തുന്നത്. ഇത്തരത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുപോകുവാൻ സാധിക്കുന്നു . |
| (സി) | കാരുണ്യ ഫാർമസികൾക്ക് സർക്കാർ നൽകിയിരുന്ന ധനസഹായം നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | 19/06/2012 ലെ സർക്കാർ ഉത്തരവ് നം. GO(MS)No:186/2012/H&FWD പ്രകാരം ഒറ്റതവണ മാത്രമാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനത്തിനായി സർക്കാർ ധനസഹായം ലഭ്യമാക്കിയിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ നിരന്തരം സർക്കാർ ധനസഹായമില്ലാതെ സ്വയം പര്യാപ്തമായാണ് പ്രവർത്തിച്ചുവരുന്നത്. |
| (ഡി) | കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | നിലവിൽ, സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാ രോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ, കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പൊതുജനങ്ങൾക്കായി സേവനം അനുഷ്ഠിച്ചുവരുന്നു. കൂടാതെ മണ്ഡലകാലത്ത് ശബരിമല തീർത്ഥാടകർക്ക് സേവനം നൽകുന്ന വിധത്തിൽ പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ രണ്ട് ശാഖകൾ പ്രവർത്തിക്കുന്നു. ഇങ്ങനെ ആകെ 73 കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.<br>ശബരിമല നിലയ്ക്കലിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഒരു ശാഖ മണ്ഡലകാലത്ത് ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.<br>ഡയാലിസിസ്, ക്യാൻസർ ചികിത്സ എന്നീ സംവിധാനങ്ങളുള്ള താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br>നിലവിൽ വിവിധ കമ്പനികളുടെ 8000 ൽ പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണിയിൽ പുതുതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകൾ ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. നിലവിൽ പകൽ സമയങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന മേജർ ആശുപത്രികളിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | 24 മണിക്കൂറായി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിച്ചുവരുന്നു.<br><br>**<u>കാരുണ്യ@ഹോം പദ്ധതി</u>**<br><br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ മരുന്നുകൾ വീട്ടുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. കാരുണ്യയിലെ വിലക്കിഴിവിന് പുറമെ 1% അധിക വിലക്കിഴിവോട് കൂടി മുതിർന്ന പൗരൻമാർക്ക് ആവശ്യമായ എല്ലാ മരുന്നുകളും, ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ കൊറിയർ മുഖാന്തിരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കി കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചു നൽകുന്നു. മുതിർന്ന പൗരൻമാർക്ക് ഫാർമസിയിലെത്തിച്ചേരാതെ തന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. |

സെക്ഷൻ ഓഫീസർ